## ഐ.പി.എൽ 12-ാം സീസണിന് ശനിയാഴ്ച തുടക്കം

# ചങ്കുറപ്പോടെ ചെന്നൈ

**ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ പുതിയ സീസണിൽ കിരീട പ്രതീക്ഷയുമായി തയ്യാറെടുക്കുകയാണ് 'തല' ധോണി നയിക്കുന്ന ചെന്നൈ സൂപ്പർ കിംഗ്സ്**

അൻസാർ എസ്. രാജ്

ചെന്നൈ : ഇന്ത്യൻ പ്രീമിയർ ലീഗിലെ സിംഹരാജാക്കന്മാരാണ് ചെന്നൈ സൂപ്പർ കിംഗ്സ് എന്ന് അവരുടെ ഷെൽഫിലിരിക്കുന്ന കിരീടങ്ങൾ വിളിച്ചു പറയും. സാക്ഷാൽ മഹേന്ദ്രസിംഗ് ധോണി നയിക്കുന്ന ചെന്നൈയുടെ മഞ്ഞക്കുപ്പായക്കാർ ഇതുവരെ മുത്തമിട്ടത് മൂന്ന് ഐ.പി.എൽ കിരീടങ്ങളിലാണ്. നാലു തവണ ഫൈനലിലെത്തി തോറ്റു. അതിലേറെ പ്രധാനം ഇതുവരെ എല്ലാ സീസണിലും പ്ലേ ഓഫിൽ കളിച്ച ഒരേ ഒരു ടീം ധോണിയുടേതാണെന്നതാണ്.

വാതുവയ്പ്പിന്റെ രണ്ട് കൊല്ലത്തെ വിലക്കിന് ശേഷം കഴിഞ്ഞ സീസണിൽ ഐ.പി.എല്ലിലേക്ക് തിരിച്ചുവന്ന ധോണിയും കൂട്ടരും ഫൈനലിൽ സൺറൈസേഴ്സ്ഹൈദരാബാദിനെ എട്ടുവിക്കറ്റിന് കീഴടക്കി കപ്പും കൊണ്ടാണ് ചെന്നൈയ്ക്ക് മടങ്ങിയത്. 2008ലെ ആദ്യ സീസണിൽ തന്നെ ചെന്നൈ ചാമ്പ്യൻമാരാകേണ്ടതായിരുന്നു,. എന്നാൽ ഫൈനലിൽ അപ്രതീക്ഷിത കുതിപ്പ് തടസമായി. ഒന്നിൽ പിഴച്ചാൽ മൂന്ന് എന്ന പോലെ ചെന്നൈയെ ആദ്യ കിരീടം തേടിയെത്തിയത് 2010 ലെ മൂന്നാം സീസണിലാണ്. അടുത്ത സീസണിലും ധോണിപട കിരീടനേട്ടം ആവർത്തിച്ചു. 2012, 13, 15 സീസണുകളിൽ ഫൈനലിൽ തോൽക്കേണ്ടിവന്നു. 2016, 17 സീസണുകളിലാണ് വിലക്കപ്പെട്ട് മാറി നിന്നത്.

ബി.സി.സി.ഐയുടെ തലപ്പത്തിരുന്ന എൻ. ശ്രീനിവാസൻ താരലേലത്തിലൂടെ മികച്ച കളിക്കാരെയൊക്കെ സ്വന്തമാക്കിയാണ് ചെന്നൈ സൂപ്പർ കിംഗ്സിന്റെ അടിത്തറ പണിതത്. 2008 മുതൽ ധോണിയും റെയ്നയും മുരളി വിജയ്യും ഒക്കെ ചെന്നൈയുടെ മുന്നണിയിലുണ്ട്. ഈ അടിത്തറ തന്നെയാണ് അവരുടെ ശക്തിയും.

മുൻ കളിക്കാരൻ കൂടിയായ സ്റ്റീഫൻ ഫ്ലെമിംഗാണ് സൂപ്പർ കിംഗ്സിന്റെ പരിശീലകൻ. ബാറ്റിംഗ് കോച്ചായും ബൗളിംഗ് കോച്ചായുമുള്ളത് മുൻ താരങ്ങൾ തന്നെ, മൈക്കൽ ഹസിയും ലക്ഷ്മിപതി ബാലാജിയും. ബൗളിംഗ് കൺസൾട്ടന്റായി എറിക് സൈമൺസുമുണ്ട്.

### ചെന്നൈ ഐ.പി.എൽ ചരിത്രം

**2008** - റണ്ണേഴ്സ് അപ്
**2009** - പ്ലേ ഓഫ്
**2010** - ചാമ്പ്യൻസ്
**2011** - ചാമ്പ്യൻസ്
**2012** - റണ്ണേഴ്സ് അപ്പ്
**2013** - റണ്ണേഴ്സ് അപ്പ്
**2014** - പ്ലേ ഓഫ്
**2015** - റണ്ണേഴ്സ് അപ്പ്
**2018** - ചാമ്പ്യൻസ്

**2016,17** സീസണുകളിൽ വിലക്കിലായിരുന്നു

### ഇവർ ചെന്നൈ സൂപ്പർ സിംഹങ്ങൾ

**■ മഹേന്ദ്രസിംഗ് ധോണി**

37 വയസിലെത്തിയെങ്കിലും ഇന്ത്യൻ ടീമിന്റെ നായക പദവി ഒഴിഞ്ഞെങ്കിലും ചെന്നൈ സൂപ്പർ കിംഗ്സിന്റെ 'തല' ഇന്നും ധോണി തന്നെ. 15 കോടി രൂപയ്ക്കാണ് ധോണിയെ ചെന്നൈ നായകനായി നിലനിറുത്തിയിരിക്കുന്നത്.

**■ അമ്പാട്ടി റായ്ഡു**

ഇന്ത്യൻ ലോകകപ്പ് ടീമിലെ നാലാം നമ്പർ പൊസിഷനിൽ പേര് ഉറപ്പിക്കുകയാണ് ഐ. പി. എൽ കൊണ്ട് അമ്പാട്ടി റായ്ഡു ലക്ഷ്യമിട്ടുന്നത്. സമീപകാലത്ത് അത്ര മികച്ച ഫോമിലല്ല. 2.2 കോടിയാണ് പ്രതിഫലം.



**■ രവീന്ദ്ര ജഡേജ**

ധോണിയുടെ പ്രിയപ്പെട്ട ജഡ്ഡുഭായ്. മികച്ച ആൾ റൗണ്ടർ. ഏഴ് കോടി പ്രതിഫലം. ഇന്ത്യൻ ടീമിൽ സ്ഥിര സ്ഥാനം ഉറപ്പിക്കാൻ ഐ.പി.എല്ലിൽ മികവ് പ്രകടിപ്പിച്ചേ മതിയാകൂ.

**■ ഷേൻ വാട്ട്സൺ**

ആസ്ട്രേലിയൻ വെറ്ററൻ ആൾ റൗണ്ടറായ ഷേൻ വാട്ട്സൺ ധോണിയുടെ സമപ്രായക്കാരാണ്. കഴിഞ്ഞ സീസണിൽ മികച്ച പ്രകടനം കാഴ്ചവച്ചു. നാലു കോടിയാണ് ഇത്തവണ പ്രതിഫലം.

**■ ഹർഭജൻ സിംഗ്**

വെറ്ററൻ താരമായ ഹർഭജൻ സിംഗ് കഴിഞ്ഞ സീസണിൽ ടീമിലുണ്ടായിരുന്നുവെങ്കിലും സ്ഥിരം പ്ലേയിംഗ് ഇലവനിൽ എത്തിയിരുന്നില്ല. 2 കോടി പ്രതിഫലം.



**■ സുരേഷ് റെയ്ന**

ഐ.പി.എൽ ചരിത്രത്തിലെ ഏറ്റവും വലിയ റൺവേട്ടക്കാരൻ. ദേശീയ ടീമിൽ സ്ഥാനം നഷ്ടമായെങ്കിലും ഐ.പി.എല്ലിൽ ഇന്നും പ്രസക്തൻ. 11 കോടിരൂപയാണ് റെയ്നയ്ക്ക് ചെന്നൈ നൽകുന്ന പ്രതിഫലം. പാർട്ട് ടൈം സ്പിന്നറായും പ്രയോജനപ്പെടുത്താനാകുന്നു.

**■ കേദാർ യാദവ്**

7.8 കോടി രൂപയ്ക്കാണ് കേദാറിനെ ചെന്നൈ സൂപ്പർ കിംഗ്സ് നിലനിറുത്തിയിരിക്കുന്നത്. മദ്ധ്യനിരയിലെ മികച്ച ഫിനിഷറാണ് കേദാർ. പാർട്ട് ടൈം ബൗളറുമാണ്.

**■ ഫാഫ് ഡുപ്ലെസി**

ചെന്നൈയുടെ വിശ്വസ്തനായ വിദേശ താരമാണ് ദക്ഷിണാഫ്രിക്കൻ നായകൻ. 1.6 കോടി രൂപയ്ക്കാണ് ടീമിൽ നിലനിറുത്തിയിരിക്കുന്നത്. കഴിഞ്ഞ സീസണുകളിൽ മികച്ച പ്രകടനം. പരിചയ സമ്പത്താണ് മറ്റൊരു അനുകൂല ഘടകം.

**■ ഡ്വെയ്ൻ ബ്രാവോ**

35 കാരനായ കരീബിയൻ ആൾ റൗണ്ടർ ധോണിയുടെ വിശ്വസ്തൻ. വമ്പനടികൾക്കും കൃത്യതയാർന്ന ബൗളിംഗിനും കേമൻ. 6.4 കോടിയാണ് പ്രതിഫലം.



**■ ഇമ്രാൻ താഹിർ**

ടീമിലെ ഏറ്റവും പ്രായമേറിയ താരമാണ് ഈ 39 കാരൻ. ലെഗ്സ്പിന്നറായ ഇമ്രാൻ താഹിർ ഐ.പി.എല്ലിൽ നിരവധി മികച്ച പ്രകടനങ്ങൾക്ക് ഉടമയാണ്. ഒരു കോടിയാണ് പ്രതിഫലം.

**3**
കിരീടങ്ങളുമായി മുംബയ് ഇന്ത്യൻസിനൊപ്പം കിരീടനേട്ടങ്ങളിലെറെക്കാഡ് പങ്കിടുന്നു

**7**
ഫൈനലുകളിൽ കളിച്ച ഏക ടീമും ചെന്നൈ സൂപ്പർ കിംഗ്സാണ്.

**കെ.എം. ആസിഫ് മലയാളി മുഖം**
മീഡിയം പേസറായ മുഹമ്മദ് ആസിഫ് കഴിഞ്ഞ സീസണിലാണ് ചെന്നൈ സൂപ്പർ കിംഗ്സിലൂടെ അരങ്ങേറിയത്.

ചെന്നൈ സൂപ്പർ കിംഗ്സ് കോച്ച് ഫ്ലെമിംഗും ധോണിയും

### ചെന്നൈയുടെ പോരാട്ടങ്ങൾ

**മാർച്ച്23** Vs ബംഗളൂരു
**മാർച്ച്26** Vs ഡൽഹി
**മാർച്ച്31** Vs രാജസ്ഥാൻ
**ഏപ്രിൽ 3** Vs മുംബയ്
**ഏപ്രിൽ 6** Vs പഞ്ചാബ്
**ഏപ്രിൽ 9** Vs കൊൽക്കത്ത
**ഏപ്രിൽ 11** Vs രാജസ്ഥാൻ
**ഏപ്രിൽ 14** Vs കൊൽക്കത്ത
**ഏപ്രിൽ 17** Vs ഹൈദരാബാദ്
**ഏപ്രിൽ 21** Vs ബാംഗ്ലൂർ
**ഏപ്രിൽ 23** Vs ഹൈദരാബാദ്
**ഏപ്രിൽ 26** Vs മുംബയ്
**മേയ്1** Vs ഡൽഹി
**മേയ്5** Vs മൊഹാലി

- *ഐ.പി.എൽ ഗ്രൂപ്പ് മത്സരങ്ങളുടെ മുഴുവൻ ഫിക്സ്ചറും ഇന്നലെ പ്രസിദ്ധീകരിച്ചു. ഈ മാസം 23 ന് ചെന്നൈയും ബാംഗ്ലൂരും തമ്മിൽ ചെന്നൈയിലാണ് ആദ്യ മത്സരം.*
- *ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ അതിനനുസരിച്ചാണ് മത്സരങ്ങളും തയ്യാറാക്കിയിരിക്കുന്നത്.*
- *കഴിഞ്ഞയാഴ്ച ആദ്യ 17 മത്സരങ്ങളുടെ സമയക്രമം പുറത്തുവിട്ടിരുന്നു.*
- *എന്നാൽ പ്ലേ ഓഫ് മത്സരങ്ങളുടെ ഫിക്സ്ചർ ഇപ്പോഴും പുറത്തുവിട്ടിട്ടില്ല.*

## നാലാം നമ്പരിൽ വിജയ് ശങ്കർ?

മുംബയ് : ഇംഗ്ലണ്ടിൽ നടക്കുന്ന ഏകദിന ലോകകപ്പിൽ ഇന്ത്യൻ ബാറ്റിംഗ് ഓർഡറിലെ തലവേദനയാണ് നാലാം നമ്പർ സ്ഥാനം. ഫസ്റ്റ് ഡൗണായി ഇറങ്ങുന്ന വിരാട് കൊഹ്‌ലിക്ക് ശേഷം ആര് എന്ന ചോദ്യത്തിന് ആസ്ട്രേലിയയ്ക്കെതിരായപരമ്പരയ്ക്ക്ശേഷവുംകൃത്യമായ ഉത്തരം ഇന്ത്യൻ ടീം മാനേജ്മെന്റിനും സെലക്ടർമാർക്കും ലഭിച്ചിട്ടില്ല.

മഹേന്ദ്രസിംഗ് ധോണി, ഋഷഭ് പന്ത്, ദിനേഷ് കാർത്തിക്, അമ്പാട്ടി റായ്ഡു, കേദാർ യാദവ്, വിജയ് ശങ്കർ തുടങ്ങിയവരാക്കെ ഈ സ്ഥാനത്തേക്ക് പരീക്ഷിച്ചുകഴിഞ്ഞു. എന്നാൽ സ്ഥിരത പുലർത്താൻ ആർക്കും കഴിഞ്ഞിട്ടില്ല.

നാലാം നമ്പർ പൊസിഷനിൽ ആൾ റൗണ്ടർ വിജയ് ശങ്കർ ആയിരിക്കും ലോകകപ്പിൽ ഉണ്ടാവുകയെന്നതാണ് ഒടുവിൽ ലഭിക്കുന്ന വാർത്ത. 2003 ലോകകപ്പിൽ ദിനേഷ്മോംഗിയയെ പരീക്ഷിച്ചതുപോലെയൊരു അപ്രതീക്ഷിത നീക്കമായാകും വിജയ്ക്ക് അവസരം നൽകുക. ബൗളിംഗിൽ കൂടി ഉപയോഗപ്പെടുത്താം എന്നതാണ് വിജയ് ശങ്കറിന്റെ പ്ലസ് പോയിന്റ്. ഐ.പി.എല്ലിന്റെ ആദ്യ ആഴ്ചകളിൽ മികവ് പുലർത്താൻ വിജയ് ശങ്കറിന് കഴിഞ്ഞാൽ ലോകകപ്പ് സ്ഥാനം ഉറപ്പാക്കാം എന്നാണ് ബി.സി.സി.ഐയ്ക്കുള്ളിലെവർത്തമാനം. ഏപ്രിൽ 15 നും 20 നും ഇടയിൽ ലോകകപ്പിനുള്ള ടീമിനെ പ്രഖ്യാപിച്ചേക്കും.

## കോസ്റ്റ മുംബയ്യിൽ തുടരും

മുംബയ് : ഐ.എസ്.എൽ ക്ലബ് മുംബയ് സിറ്റി എഫ്.സിയുടെ പരിശീലകനായി പോർച്ചുഗീസുകാരൻ ജോർജ് കോസ്റ്റ തുടരും. ഈ സീസണിൽ പുറത്താകലിന്റെ വക്കത്തു നിന്ന് കോസ്റ്റ മുംബയ്യെ സെമി ഫൈനൽ വരെ എത്തിച്ചിരുന്നു. ലീഗ് റൗണ്ടിൽ രണ്ടാം സ്ഥാനത്താണ് മുംബയ് ഫിനിഷ് ചെയ്തിരുന്നത്. സെമിയിൽ ഗോവയോട് തോറ്റ് പുറത്തായി. പോർച്ചുഗൽ ദേശീയ ടീമിനുവേണ്ടി 50 മത്സരങ്ങൾ കളിച്ച താരമാണ് കോസ്റ്റ.

## വിമാന വഴിയില്ല, ഡേവിസ് കപ്പ്മാറ്റി

ന്യൂഡൽഹി : മറ്റ് രാജ്യങ്ങളിൽ നിന്ന് വിമാനമാർഗ്ഗം പാകിസ്ഥാനിലൂടെ ഇന്ത്യയിലേക്ക് എത്തുന്നത് തടസപ്പെട്ടിരിക്കുന്നതിനാൽ അടുത്ത മാസം ന്യൂഡൽഹിയിൽ നടക്കേണ്ട ജൂനിയർ ഡേവിസ് കപ്പ്, ഫെഡറേഷൻ കപ്ടെന്നിസ് മത്സരങ്ങൾ ബാങ്കോക്കിലേക്ക് മാറ്റി. പുൽവാമ ഭീകരാക്രമണത്തിന് ശേഷമാണ് പാകിസ്ഥാന്റെ ആകാശത്തുകൂടി ഇന്ത്യയിലേക്കുള്ള വിമാനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്.

## ജർമ്മനി സെർബിയയ്ക്കെതിരെ

ബെർലിൻ : അന്താരാഷ്ട്ര സൗഹൃദ ഫുട്ബാൾ മത്സരത്തിൽ ജർമ്മനി ഇന്ന് സെർബിയയെ നേരിടും. മറ്റൊരു മത്സരത്തിൽ വെയിൽസ് ട്രിനിഡാഡ് ആൻഡ് ടൂബാഗോയെ നേരിടും.

# ലോകകപ്പിൽ 32 ടീമുകൾ മതി : ഷാവി

**■ മുൻ സ്പാനിഷ് ഫുട്ബാളർ ഷാവി ഹെർണാണ്ടസ് മുംബയ് സന്ദർശിച്ചു**

മുംബയ് : 2022ൽ ഖത്തറിൽ നടക്കുന്ന ലോകകപ്പ് ഫുട്ബാൾ ടൂർണമെന്റിൽ 48 ടീമുകളെ മത്സരിപ്പിക്കാനുള്ള നീക്കത്തോട് യോജിപ്പില്ലെന്ന് മുൻ സ്പാനിഷ് ഇന്റർനാഷണൽ ഷാവി ഹെർണാണ്ടസ്. 32 ടീമുകൾ ഉൾക്കൊള്ളുന്ന ലോകകപ്പ് നടത്താനാണ് ഖത്തർ തയ്യാറെടുത്തിരിക്കുന്നതെന്നും അവസാന നിമിഷം ടീമുകളുടെ എണ്ണം കൂട്ടുന്നത് താളംതെറ്റിക്കുമെന്നും ഇന്ത്യൻ സന്ദർശനത്തിനെത്തിയ ഷാവി മുംബെയ്യിൽ പറഞ്ഞു. മത്സരങ്ങളുടെ എണ്ണം വർദ്ധിക്കുന്നത് കാണികൾക്ക് മടുപ്പുണ്ടാക്കുമെന്നും ഷാവി ചൂണ്ടിക്കാട്ടി. ലോകകപ്പ് സംഘാടകർ മുംബയ്യിൽ ഒരുക്കിയ പ്രമോഷൻ ഇവന്റിൽ പങ്കെടുക്കാനാണ് ഷാവിയെത്തിയത്.

ലോകകപ്പും യൂറോ കപ്പും നേടിയ സ്പാനിഷ് ടീമിന്റെ മിഡ്ഫീൽഡ് കരുത്തായിരുന്നു ഷാവി. ദീർഘനാൾ ബാഴ്സലോണയിൽ മെസിക്കൊപ്പം കളിച്ച ഷാവി ഇപ്പോൾ ഖത്തർ ക്ലബ് അൽ സാദിന് വേണ്ടിയാണ് കളിക്കുന്നത്. 2016 മുതൽ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ഉന്നമനത്തിനായുള്ള ജനറേഷൻ അമേസിംഗ് എന്ന സംഘടനയുടെ ബ്രാൻഡ് അംബാസഡറാണ് ഷാവി. ഇന്നലെ മുംബെയ്ലെത്തിയ അദ്ദേഹം കുട്ടികൾക്കൊപ്പം ഫുട്ബാൾ കളിക്കാനും നേരം കണ്ടെത്തി.

ഇന്ത്യൻ സൂപ്പർ ലീഗിലെ മത്സരങ്ങൾ താൻ ശ്രദ്ധിക്കാറുണ്ടെന്ന് ഷാവി പറഞ്ഞു. കഴിഞ്ഞ ദിവസം ബംഗളൂരു എഫ്.സിയും എഫ്.സി ഗോവയും തമ്മിലുള്ള ഫൈനൽ കണ്ടിരുന്നു.

*മുംബെയ്യിൽ കുട്ടികൾക്കൊപ്പം ഫുട്ബാൾ കളിക്കാനും എത്തിയ മുൻ സ്പാനിഷ് ഇന്റർനാഷണൽ ഷാവി ഹെർണാണ്ടസ്*

### ഫിഫയും 48 ടീം ലോകകപ്പും

ഫിഫ തലവൻ ജിയോവന്നി ഇൻഫാന്റിനോയുടെ സ്വപ്ന പദ്ധതിയാണ് 48 ടീമുകൾ പങ്കെടുക്കുന്ന ലോകകപ്പ് ഫുട്ബാൾ ടൂർണമെന്റ്. 2026 ൽ നടക്കുന്ന ലോകകപ്പിൽ 48 ടീമുകളെ പങ്കെടുപ്പിക്കുന്നതിൽ ഏറെക്കുറെ തീരുമാനമായിക്കഴിഞ്ഞു. 2026ൽ അമേരിക്ക, മെക്സിക്കോ, കാനഡ എന്നീ മൂന്ന് രാജ്യങ്ങൾ ചേർന്നാണ് ലോകകപ്പ് നടത്തുന്നത്.

നിലവിൽ 32 ടീമുകൾ വച്ചാണ് ലോകകപ്പ് നടത്തുന്നത്. 16 ടീമുകളെ കൂടി ഉൾപ്പെടുത്താനാണ് ഫിഫയുടെ പദ്ധതി. 2022 ലെ ഖത്തർ ലോകകപ്പിലും 48 ടീമുകളെ ഉൾപ്പെടുത്താനുള്ള സാദ്ധ്യതകൾ ഫിഫ തേടുകയാണ്. എന്നാൽ സംഘാടകരായ ഖത്തറിന് ഇതിന് അനുകൂലമായ നിലപാടല്ല.

ഖത്തറിനൊപ്പം യു.എ.ഇ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളെ കൂടി സംയുക്ത ആതിഥേയരാക്കി ടീമുകളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് ഫിഫയുടെ ആലോചന.

## ആസ്ട്രേലിയൻ നീന്തൽ താരം പരിശീലനത്തിനിടെ മരിച്ചു

ഫ്ലോറിഡ : ആസ്ട്രേലിയൻ നീന്തൽ താരം കെന്നത്ത് ടോ അമേരിക്കയിലെ ഫ്ലോറിഡയിൽ പരിശീലനത്തിനിടെ മരണപ്പെട്ടു. 26 വയസായിരുന്നു. മരണ കാരണം അറിവായിട്ടില്ല.

2013 ലെ ലോക ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേടിയിട്ടുണ്ട്. 2010 ലെ യൂത്ത് ഒളിമ്പിക്സിൽ ആറ് മെഡലുകളും നേടിയിരുന്നു.

## ലക്ഷ്യസെൻ നൂറിനുള്ളിൽ

ന്യൂഡൽഹി : യുവ ഇന്ത്യൻ ബാഡ്മിന്റൺ താരം ലക്ഷ്യ സെൻ അന്താരാഷ്ട്ര റാങ്കിംഗിൽ ആദ്യമായി 100 സ്ഥാനത്തിനുള്ളിലെത്തി. 76-ാം റാങ്കിലാണ് ലക്ഷ്യ സെൻ. വനിതകളിൽ റിയ മുഖർജി 96-ാം റാങ്കിലെത്തി. പി.വി. സിന്ധു ആറാം റാങ്കിലും സൈന ഒൻപതാം റാങ്കിലുമാണ്. പുരുഷ വിഭാഗത്തിൽ കെ. ശ്രീകാന്ത് ഏഴാമതും എച്ച്.എസ്. പ്രണോയ് 24-ാമതുമുണ്ട്.

## സുവാരേസ് ചൈനാ കപ്പിനില്ല

മാഡ്രിഡ് : കഴിഞ്ഞ ദിവസം റയൽ ബെറ്റിസിനെതിരായ സ്പാനിഷ് ലാലിഗ മത്സരത്തിനിടെ കാൽക്കുഴയ്ക്ക് പരിക്കേറ്റ ബാഴ്സലോണ താരം ലൂയിസ് സുവാരേസ് ചൈനാ കപ്പ് ഫുട്ബാൾ ടൂർണമെന്റിൽ ഉറുഗ്വേയ്ക്ക് വേണ്ടി കളിക്കില്ല. 15 ദിവസം വരെ വിശ്രമമാണ് സുവാരേസിന് ഡോക്ടർമാർ വിധിച്ചിരിക്കുന്നത്.

# രാഹുലിന്റെ കളി ഇനി ബ്ലാസ്റ്റേഴ്സിന്റെ മുറ്റത്ത്

തിരുവനന്തപുരം : അണ്ടർ 17 ഫുട്ബാൾ ലോകകപ്പിൽ ഇന്ത്യൻ കുപ്പായമണിഞ്ഞ മലയാളിതാരം കെ. പി. രാഹുൽ അടുത്ത സീസൺ മുതൽ ഐ.എസ്.എൽ ക്ലബ് കേരളബ്ലാസ്റ്റേഴ്സിൽ കളിക്കും.

യുവഇന്ത്യൻ താരങ്ങളെ ഉൾപ്പെടുത്തി ആൾ ഇന്ത്യ ഫുട്ബാൾ ഫെഡറേഷൻ രൂപീകരിച്ച ഐ ലീഗ് ക്ലബ് ഇന്ത്യൻ ആരോസിൽ നിന്നാണ് രാഹുൽ ബ്ലാസ്റ്റേഴ്സിലേക്ക് എത്തുന്നത്. തൃശ്ശൂർ സ്വദേശിയാണ് രാഹുൽ.

- അണ്ടർ 17 ലോകകപ്പ് കളിച്ചവരിൽ ബ്ലാസ്റ്റേഴ്സിലേക്ക് എത്തുന്ന അഞ്ചാമത്തെ താരമാണ് കെ.പി. രാഹുൽ.
- ഗോൾ കീപ്പർ ധീരജ് സിംഗ്, മൊഹമ്മദ് റാക്കിപ്, നൊംഗ്ഡാംബ നാവോറം, ജീക്ക് സൺ സിംഗ് എന്നിവരാണ് രാഹുലിന് മുന്നേ എത്തിയവർ.
- കഴിഞ്ഞ രണ്ട് സീസണുകളായി ഇന്ത്യൻ ആരോസിന്റെ കുന്തമുനയാണ് ഈ മലയാളി ഫോർവേഡ്. തന്റെ ആദ്യ ഐ ലീഗ് സീസണിൽ 17 മത്സരങ്ങളിൽ നിന്ന് രണ്ട് ഗോളുകൾ നേടിയിരുന്നു.
- ഇക്കഴിഞ്ഞ ഐ ലീഗ് സീസണിൽ മൂന്ന് ഗോളുകൾ രാഹുൽ സ്കോർ ചെയ്തു. ഇന്ത്യൻ ആരോസിനെ എട്ടാം സ്ഥാനത്ത് എത്തിച്ചതിൽ രാഹുലിന്റെ പ്രയത്നവും നിർണായകമായി.
- ഈ സീസണിൽ ഗോകുലം കേരളയ്ക്കെതിരെ കോഴിക്കോട്ട് നടന്ന ഐ ലീഗ് മത്സരത്തിൽ രാഹുലിന്റെ ഗോൾ ആരാധകരുടെ മനം കവർന്നിരുന്നു.
- കഴിഞ്ഞ ദിവസം സൂപ്പർ കപ്ക്വാളിഫയറിൽ കേരള ബ്ലാസ്റ്റേഴ്സിനെതിരെയും രാഹുൽ മികച്ചപ്രകടനം കാഴ്ച വച്ചിരുന്നു.
- യുവതാരങ്ങളെ ക്ലബിലെത്തിക്കുന്നതിന്റെ ഭാഗമായാണ് രാഹുലും മഞ്ഞപ്പടയിലെത്തിയിരിക്കുന്നത്.